ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) നയതന്ത്ര ഇടപെടലുകളിലൂടെ ഇറാൻ- ഇസ്രായേൽ സംഘർഷം അവസാനിപ്പിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഇറാൻ പ്രസിഡന്റുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തി.

**Prime Minister Narendra Modi says to end the Iran-Israel conflict through diplomatic interventions. The Prime Minister communicated with the Iranian President.**

2) അയവില്ലാതെ ഇറാൻ- ഇസ്രായേൽ സംഘർഷം. ഇറാനെതിരെ യുഎസ് നടത്തിയ ആക്രമണത്തിൽ സമ്മിശ്ര പ്രതികരണവുമായി ലോകരാഷ്ട്രങ്ങൾ. ഇസ്രായലിനെതിരെ ശക്തമായ മിസൈൽ ആക്രമണവുമായി ഇറാൻറെ തിരിച്ചടി.

**The Iran-Israel conflict continues without compromise. World nations have mixed reactions to the US attack on Iran. Iran retaliates with a strong missile attack on Israel.**

3) പരിഷ്കൃത സമൂഹത്തിൽ അക്രമത്തിനും നക്സൽ ഭീകരതയ്ക്കും സ്ഥാനമില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

**Union Home Minister Amit Shah says that violence and Naxal terrorism have no place in a civilized society.**

4) ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ ബഹുവിനിയോഗ യുദ്ധക്കപ്പൽ തമാൽ അടുത്ത മാസം ഒന്നിന് കമ്മീഷൻ ചെയ്യും.

**The Indian Navy's latest multi-purpose warship, the Tamal, will be commissioned on the 1st of next month.**

5) നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ. ഒരുക്കങ്ങൾ പൂർത്തിയായി.

**Counting of votes for the Nilambur assembly by-election tomorrow. Preparations have been completed.**

6) ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗണ്ടിൻറെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു.

**England's first innings batting is progressing against India in the Leeds Cricket Test.**

**&&&&&&&&&&&&&&&&**

## HEADLINE 1

### PM MODI - IRAN PREZ

ഇറാൻ പ്രസിഡന്റുമായി ആശയവിനിമയം നടത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇറാനും ഇസ്രായേലും തമ്മിലുള്ള സംഘർഷങ്ങളിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. പ്രാദേശിക സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ എത്രയും വേഗം പുനഃസ്ഥാപിക്കേണ്ടതുണ്ടന്നും, സംഘർഷം ഉടനടി കുറയ്ക്കുന്നതിനായി ചർച്ചകളും നയതന്ത്ര ഇടപെടലുകളും ആവശ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി. സാമൂഹ്യ മാധ്യമ പോസ്റ്റിലാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്.

**&&&&&&&&&&&&&&&&**

## HEADLINE 2

### IRAN LAUNCHES "TRUE PROMISE 3"

അയവില്ലാതെ ഇറാൻ-ഇസ്രായേൽ സംഘർഷം. 'ഓപ്പറേഷൻ ട്രൂ പ്രോമിസ് - 3' യുടെ ഭാഗമായി ഇറാൻ ഇസ്രയേലിനെതിരായി ഏറ്റവും പ്രഹരശേഷിയുള്ള മിസൈലാക്രമണം നടത്തി. ബെൻ ഗുറിയോൺ വിമാനത്താവളം, മറ്റു ഗവേഷണ-നിരീക്ഷണ കേന്ദ്രങ്ങൾ എന്നിവയെ ലക്ഷ്യമിട്ടായിരുന്നു ആക്രമണം.

ഇറാനെതിരായി കഴിഞ്ഞ ദിവസങ്ങളിൽ അമേരിക്കൻ-ഇസ്രായേലി സേനകൾ നടത്തിയ ആക്രമണത്തിന് മറുപടിയായാണ് തിരിച്ചടി എന്ന് ഇറാൻ സൈനികവിഭാഗമായ ഇസ്ലാമിക് റവല്യൂഷണറി ഗാർഡ് അറിയിച്ചു. ആക്രമണത്തിൽ ഒരാൾ മരിക്കുകയും 23 ഓളം പേർക്ക് പരിക്കേറ്റതുമായാണ് റിപ്പോർട്ട്. 18 ഇറാനിയൻ മിസൈലുകൾ ഇസ്രായേലിൽ പതിച്ചതായാണ് ഔദ്യോഗിക സ്ഥിരീകരണം.

&&&&&&&&&&&&&&&&

## REV. IAEA- US STRIKES

ഇറാനിലെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് അന്താരാഷ്ട്ര ആണവോർജ ഏജൻസി നാളെ അടിയന്തര യോഗം ചേരുമെന്ന് ഏജൻസി മേധാവി റാഫേൽ ഗ്രോസി അറിയിച്ചു. ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ്, സൈനിക ആക്രമണം നടത്തിയതിനെ തുടർന്നാണ് ഏജൻസിയുടെ അടിയന്തര യോഗം ചേരുന്നത്. അതേസമയം, യുഎസ് ആക്രമണങ്ങളെക്കുറിച്ച് അന്വേഷണം നടത്തണമെന്നും യുഎസ് നടപടിയെ അപലപിക്കണമെന്നും ആവശ്യപ്പെട്ട് ഇറാന്റെ ആണവ മേധാവി, അന്താരാഷ്ട്ര ആണവോർജ ഏജൻസിക്ക് കത്തെഴുതി. ഇറാനിലെ മൂന്ന് ആണവ കേന്ദ്രങ്ങൾക്ക് നേരെ യുഎസ് ആക്രമണം നടത്തിയതിനു ശേഷം റേഡിയേഷൻ അളവിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെന്ന് ഏജൻസി സ്ഥിരീകരിച്ചു.

&&&&&&&&&&&&&&&&

## HEADLINE 2 A

## WORLD LEADERS RESPONSE

ഇറാനിയൻ ആണവ കേന്ദ്രങ്ങളിൽ യുഎസ് നടത്തിയ സൈനികാക്രമണങ്ങളിൽ അന്താരാഷ്ട്ര തലത്തിൽ സമ്മിശ്ര പ്രതികരണം. സംഘർഷ മേഖലയിൽ സംയമനം പാലിക്കാനും നയതന്ത്ര ചർച്ചകളിലേക്ക് തിരികെ വരാനും ലോക നേതാക്കൾ

ആഹ്വാനം ചെയ്തു. യു.കെ പ്രധാനമന്ത്രി, യുഎസ് നടപടിയെ പിന്തുണച്ചെങ്കിലും, മേഖലയിലെ സ്ഥിരതയുടെ പ്രാധാന്യം എടുത്തു പറഞ്ഞു. സംഘർഷത്തിൽ ആശങ്ക പ്രകടിപ്പിച്ച സൗദി അറേബ്യ പ്രശ്നത്തിന് രാഷ്ട്രീയ പരിഹാരമുണ്ടാക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് ആവശ്യപ്പെട്ടു. ഖത്തർ, ഒമാൻ എന്നീ രാജ്യങ്ങൾ യുഎസ് ആക്രമണങ്ങളെ ശക്തമായി അപലപിച്ചു. ഇറാനെ ആണവായുധങ്ങൾ കൈവശം വെക്കാൻ അനുവദിക്കരുതെന്നും, ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കണമെന്നും യൂറോപ്പും അയർലൻഡും അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## OPERATION SINDHU

സംഘർഷ ബാധിതമായ ഇറാനിൽ നിന്ന് ഓപ്പറേഷൻ സിന്ധുവിന്റെ ഭാഗമായി ഇതുവരെ 1,117 ഇന്ത്യൻ പൗരന്മാരെ ഒഴിപ്പിച്ചു. അവരിൽ 290 പേർ പ്രത്യേക വിമാനത്തിൽ ഇന്നലെ രാത്രി ന്യൂഡൽഹിയിൽ എത്തി. അതേസമയം സംഘർഷ സ്ഥലത്തുനിന്ന് തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ സഹായിച്ചതിന് നേപ്പാളും ശ്രീലങ്കയും ഇന്ത്യയോട് നന്ദി അറിയിച്ചു. ശ്രീലങ്കയും ഇന്ത്യയും തമ്മിലുള്ള ആഴത്തിലുള്ള ബന്ധത്തെയും പങ്കാളിത്തത്തെയും ഇത് പ്രതിഫലിപ്പിക്കുന്നതായി ശ്രീലങ്കൻ വിദേശകാര്യ മന്ത്രി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## PM-MULTI NATION VISIT

ഭീകരതയ്ക്കെതിരെ ആഗോള സമവായം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി അടുത്തമാസം ബഹുരാഷ്ട്ര പര്യടനം നടത്തും. ബ്രസീലിൽ 17-ാമത് ബ്രിക്സ് ഉച്ചകോടിയിലും പ്രധാനമന്ത്രി പങ്കെടുക്കും. മൊറോക്കോ, അർജന്റീന, ബ്രസീൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, ജോർദാൻ എന്നീ രാജ്യങ്ങളിലാണ് പ്രധാനമന്ത്രിയുടെ സന്ദർശനം.

&&&&&&&&&&&&&&&&&

## HEADLINE 4

### INDIAN NAVY TAMAL

ഇന്ത്യൻ നാവികസേനയുടെ ഏറ്റവും പുതിയ ബഹുവിനിയോഗ യുദ്ധക്കപ്പൽ **തമാൽ** അടുത്ത മാസം 1 ന് റഷ്യയിലെ കലിനിൻഗ്രാഡിൽ കമ്മീഷൻ ചെയ്യും. പശ്ചിമ നേവൽ കമാൻഡിലെ ഫ്ലാഗ് ഓഫീസർ കമാൻഡിംഗ്-ഇൻ-ചീഫ് വൈസ് അഡ്മിറൽ സഞ്ജയ് ജെ സിംഗ് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുക്കും.കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകൾക്കിടെ റഷ്യയിൽ നിന്നുമെത്തിച്ച ക്രിവാക് യുദ്ധക്കപ്പലുകളിലെ എട്ടാമത്തേതാണ് തമാൽ എന്നും, കപ്പലിന്റെ നിർമാണം മോസ്കോയിലെ ഇന്ത്യൻ എംബസിക്കു കീഴിൽ പ്രവർത്തിച്ച പ്രത്യേക ഇന്ത്യൻ സഖ്യം നിരീക്ഷിച്ചു വന്നിരുന്നതായും രാജ്യരക്ഷാമന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## HEADLINE 5

### NILAMBUR BY ELECTION

നിലമ്പൂർ നിയമസഭാ ഉപതിരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ. ചുങ്കത്തറ മാർത്തോമ്മ ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ എട്ടിന് വോട്ടെണ്ണൽ ആരംഭിക്കും. ആദ്യം പോസ്റ്റൽ വോട്ടും തുടർന്ന് ഇലക്ട്രോണിക് വോട്ടിങ് മെഷീനുകളിലെ വോട്ടും എണ്ണും. വോട്ടെണ്ണലിനുള്ള എല്ലാ സജ്ജീകരണങ്ങളും പൂർത്തിയായി. സ്ഥലത്ത് കേന്ദ്രസേനയുടെയും പോലീസിന്റെയും ത്രിതല സുരക്ഷ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 19 നു നടന്ന വോട്ടെടുപ്പിൽ 75.27 ശതമാനം പോളിങാണ് രേഖപ്പെടുത്തിയത്. എൽഡിഎഫിൻറെ എം സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎയുടെ മോഹൻ ജോർജ്, സ്വതന്ത്ര സ്ഥാനാർത്ഥി പി.വി അൻവർ തുടങ്ങി 10 സ്ഥാനാർത്ഥികളാണുള്ളത്.

&&&&&&&&&&&&&&&&

## HEADLINE 6

## CRICKET

ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്കെതിരെ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇംഗ്ലണ്ട് 7 വിക്കറ്റ് നഷ്ടത്തിൽ 427 റൺസെന്ന നിലയിലാണ്. ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട്, 3 വിക്കറ്റിന് 209 റൺസ് എടുത്തിരുന്നു. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 471 റൺസിനാണ് അവസാനിച്ചത്.

&&&&&&&&&&&&&&&&

## HEADLINE 3

## CHHATTISGARH - AMIT SHAH-INTRO

പരിഷ്കൃത സമൂഹത്തിൽ അക്രമത്തിനും നക്സൽ ഭീകരതയ്ക്കും സ്ഥാനമില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഛത്തീസ്ഗഡിൽ നാഷണൽ ഫോറൻസിക് സയൻസസ് യൂണിവേഴ്സിറ്റിയുടെയും സെൻട്രൽ ഫോറൻസിക് സയൻസ് ലബോറട്ടറിയുടെയും പുതിയ കെട്ടിടങ്ങളുടെ ശിലാസ്ഥാപനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഛത്തീസ്ഗഡിലെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയെ ആധുനികവൽക്കരിക്കുക എന്നതിനോടൊപ്പം അടുത്തവർഷത്തോടെ രാജ്യം സമ്പൂർണമായി നക്സൽ മുക്തമാക്കുക എന്നതും സർക്കാരിന്റെ പ്രഥമപരിഗണനാ വിഷയമാണ്. വിവിധ സംസ്ഥാനങ്ങളിൽ സേനാവിഭാഗങ്ങൾ രാജ്യസുരക്ഷയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി വ്യത്യസ്ത പ്രചരണപരിപാടികൾ സംഘടിപ്പിക്കുന്നതായും ലക്ഷ്യം ഒട്ടും അകലെയല്ലെന്നും ശ്രീ ഷാ പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഛത്തിസ്ഗഢ് സർക്കാർ അവലംബിച്ച കീഴടങ്ങൽ നയം മാവോയിസ്റ്റുകൾ പ്രയോജനപ്പെടുത്തണമെന്നും ആധുനിക ഛത്തിസ്ഗഢിന്റെ നിർമാണത്തിൽ ഏവരും പങ്കാളികളാകണമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&

## CHHATTISGARH- AMIT SHAH-2

രണ്ട് ദിവസത്തെ ഛത്തീസ്ഗഢ് സന്ദർശനത്തിനായി ഇന്ന് റായ്പൂരിലെത്തിയ ആഭ്യന്തരമന്ത്രി അമിത് ഷാ നാളെ, നാരായൺപൂർ ജില്ലയിലെ അബുജ്മദ് പ്രദേശം സന്ദർശിക്കുകയും അവിടത്തെ ഗ്രാമീണരുമായി സംവദിക്കുകയും ചെയ്യും. ഇതിനുപുറമെ, ഇർക്ഭട്ടി പ്രദേശത്തുള്ള അതിർത്തി സുരക്ഷാ സേനാ ക്യാമ്പും അദ്ദേഹം സന്ദർശിക്കുകയും ജവാന്മാരുമായി ആശയവിനിമയം നടത്തുകയും ചെയ്യും.

&&&&&&&&&&&&&&&&

## PM-YOGA WORLD RECORD

യോഗയെ ജീവിതത്തിന്റെ ഭാഗമാക്കാനുള്ള പ്രസ്ഥാനത്തെ ശക്തിപ്പെടുത്തിയ ആന്ധ്രാപ്രദേശിലെ ജനങ്ങളെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. യോഗ ഏവരേയും വീണ്ടും ഒരുമിച്ച് കൊണ്ടുവരുമെന്ന്, വിശാഖപട്ടണത്ത് ഇന്നലെ നടന്ന ഏറ്റവും വലിയ യോഗ പഠനത്തിൻറെ ഗിന്നസ് ലോക റെക്കോർഡ് പങ്കിട്ടുകൊണ്ട് അദ്ദേഹം പറഞ്ഞു. മൂന്ന് ലക്ഷത്തി 105 പേരാണ് പരിപാടിയിൽ പങ്കെടുത്തത്.

&&&&&&&&&&&&&&&&

## YOGA DAY- QATAR

ആയിരത്തിലധികം പേരുടെ ആവേശകരമായ പങ്കാളിത്തത്തോടെയാണ് 11-ാമത് അന്താരാഷ്ട്ര യോഗ ദിനം

ഖത്തറിൽ ആഘോഷിച്ചത്. ഇന്ത്യൻ സ്പോർട്സ് സെന്ററുമായി സഹകരിച്ച്, ഇന്ത്യൻ എംബസിയുടെ നേതൃത്വത്തിൽ ദോഹയിലെ ഐഡിയൽ ഇന്ത്യൻ സ്കൂളിലാണ് പരിപാടി സംഘടിപ്പിച്ചത്. ഖത്തറിലെ ഇന്ത്യൻ സമൂഹവും യോഗ പരിശീലകരും പങ്കെടുത്ത പരിപാടി, യോഗയുടെ വർദ്ധിച്ചുവരുന്ന ആഗോള സ്വീകാര്യതയും, ശാരീരിക-മാനസിക-സാംസ്കാരിക ഐക്യം വളർത്തുന്നതിൽ യോഗയുടെ പങ്കും ഉയർത്തിക്കാട്ടി.

&&&&&&&&&&&&&&&&

## EPFO-APRIL

കഴിഞ്ഞ ഏപ്രിലിൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനിൽ പുതുതായി 19 ലക്ഷത്തിലധികം അംഗങ്ങളെ ചേർത്തു. മുൻ മാസത്തെ അപേക്ഷിച്ച് 31.31 ശതമാനം വർധനവാണിത്. തൊഴിൽ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് പുതിയ അംഗങ്ങളിൽ രണ്ട് ലക്ഷത്തിലധികം പേർ സ്ത്രീകളാണ്.

&&&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&

## THRISSUR- HOLIDAY

തൃശ്ശൂർ ജില്ലയിലെ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി

നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖങ്ങൾക്കും മാറ്റം ഉണ്ടായിരിക്കില്ല.

&&&&&&&&&&&&&&&&

## EGYPT FOREIGN MINISTER

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഈജിപ്റ്റ് വിദേശകാര്യ മന്ത്രി ബദർ അബ്ദുലട്ടി നാളെ ഇന്ത്യയിലെത്തും. സന്ദർശന വേളയിൽ, കേന്ദ്രമന്ത്രിമാരായ പിയൂഷ് ഗോയൽ, അശ്വിനി വൈഷ്ണവ്, എസ്. ജയ്ശങ്കർ എന്നിവരുമായി ഈജിപ്റ്റ് വിദേശകാര്യ മന്ത്രി കൂടിക്കാഴ്ച നടത്തും.

&&&&&&&&&&&&&&&&

&&&&&&&&&&

&&&